<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179</u> <u>30-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ആരോഗ്യസർവകലാശാലയുടെ പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെങ്കിലും സർവകലാശാലയുടെ പ്രവർത്തനങ്ങൾ സർക്കാർ നിരീക്ഷിക്കുന്നുണ്ട്. സർവകലാശാലാ അധികാരികളെ ഉൾപ്പെടുത്തി വിവിധ അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ ചേരാറുണ്ട്. സർവകലാശാലയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് സർക്കാർ സൂക്ഷ്മമായി പരിശോധിക്കാറുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ഗവേണിംഗ് കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി പങ്കെടുക്കുകയും സർവകലാശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ മെഡിക്കൽ, അലൈഡ് ഹെൽത്ത് സയൻസ്, ഫാർമസി എന്നിവയിലായി പുതിയതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പുതിയതായി ആരംഭിച്ച കോഴ്സുകൾ ചുവടെ ചേർക്കുന്നു.<br><br>**<u>Pharmacy Stream</u>**<br><br>1. M.Pharm in Industrial Pharmacy<br>2. M.Pharm in Pharmaceutical Regulatory Affairs<br>3. M.Pharm in Pharmaceutical Quality Assurance.<br><br>**<u>Medical Stream</u>**<br><br>1. MD Geriatrics<br>2. DM Critical Care Medicine |

| | | | |
|---|---|---|---|
| | | | 3. DM Paediatric Nephrology<br><br>**Allied Health Sciences Stream**<br><br>1. MSc in Audiology<br>2. MSc in Speech and Language Pathology<br>3. B.Sc. in Medical Imaging Technology<br>4. B.Sc. in Radiotherapy Technology<br>5. B.Sc. in Neuro Technology<br>6. MSc in Medical Biochemistry<br>7. MSc in Medical Microbiology.<br>8. Bachelor in Prosthetics and Orthotics<br>9. B.Sc. in Respiratory Technology<br>10. B.Sc. in Emergency Medical Technology<br>11. Bachelor of Anaesthesia Technology<br>12. B.Sc. in Nuclear Medicine Technology<br>13. M.Phil. in Rehabilitation Psychology<br>14. MPT in Community Health and Geriatrics<br>15. MPT in OBG |
| (സി) | പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള സമഗ്രമായ മുന്നേറ്റങ്ങൾ വിശദമാക്കാമോ; | (സി) | പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതിലൂടെ അലൈഡ് ഹെൽത്ത് സയൽസ്, ഫാർമസി എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് അവർക്കിഷ്ടമുള്ള കോഴ്സുകളും തുടർന്ന് അതനുസരിച്ചുള്ള തൊഴിൽ മേഖലകളും തെരഞ്ഞെടുക്കുന്നതിനുള്ള അവസരം ലഭിക്കുകയും അതുവഴി മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വളരെ മുന്നേറ്റം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫാർമസി വിഭാഗത്തിൽ പുതുതായി 67 സീറ്റുകളും മെഡിക്കൽ വിഭാഗത്തിലെ പി ജി സ്ട്രീമിൽ 2 സീറ്റുകളും സൂപ്പർ സ്പെഷ്യാലിറ്റി സ്ട്രീമിൽ 4 സീറ്റുകളും അലൈഡ് ഹെൽത്ത് സയൻസസ് വിഭാഗത്തിലെ പിജി സ്ട്രീമുകളിൽ 96 സീറ്റുകളും യു.ജി സ്ട്രീമുകളിൽ 237 സീറ്റുകളും ഉൾപ്പടെ ആകെ 406 സീറ്റുകൾ വർധിച്ചിട്ടുണ്ട്. ഇപ്രകാരം പുതുതായി സീറ്റുകൾ അനുവദിച്ചത് കാരണം കൂടുതൽ വിദ്യാർത്ഥികൾക്ക് പഠനാവസരങ്ങൾ ലഭിക്കുകയും ആരോഗ്യ മേഖലയിൽ ഓരോ വർഷവും കൂടുതൽ പ്രൊഫഷണലുകളെ സംഭാവന ചെയ്യുവാനും സാധിച്ചിട്ടുണ്ട്. |
| (ഡി) | നാഷണൽ മെഡിക്കൽ കമ്മീഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും ഒരുക്കിയതിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം പുരസ്കാരങ്ങൾ നേടുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | നാഷണൽ മെഡിക്കൽ കമ്മീഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും ഒരുക്കിയതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ മെഡിക്കൽ കോളേജുകൾക്ക് ലഭിച്ച പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു. |

**സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

- 2024 ലേയ്ക്കുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രയിം വർക്കിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് ദേശീയ തലത്തിൽ മെഡിക്കൽ വിഭാഗത്തിൽ 42-–ാം റാങ്ക് ലഭിച്ചു.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എ.റ്റി ആശുപത്രിയെ കേന്ദ്ര ഗവൺമെന്റ് Centre of Excellence for Rare Disease ആയി പ്രഖ്യാപിച്ചു. (2023)
- പ്രസവം നടക്കുന്ന ആശുപത്രികൾക്കുള്ള ദേശീയ ഗുണനിലവാര അംഗീകാരമായ Laqshya Certification 2024 ൽ ലഭിച്ചു
- മാതൃ-ശിശു സൗഹൃദ ആശുപത്രി എന്ന ഗുണ നിലവാരത്തിലുള്ള ദേശീയ അംഗീകാരമായ MBFHI Certification ലഭിച്ചു (2023)
- തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗം MusQan ന് അംഗീകാരം ലഭിക്കുന്നതിനായുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ**

- ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാസ്പ് സ്കീം മുഖേന ഏറ്റവും കൂടുതൽ ഹെൽത്ത് കാർഡ് രോഗികൾക്ക് പുതുക്കി നൽകിയത് വഴി കേരളത്തിൽ ഒന്നാം സ്ഥാനവും ഇന്ത്യയിൽ മൂന്നാം സ്ഥാനവും 2021 ൽ ലഭിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**

- 2022-23 വർഷത്തിൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം ദേശീയ തലത്തിൽ ലക്ഷ്യ അംഗീകാരം നേടി.
- 2022-23 വർഷത്തിൽ 97.2% മാർക്കോടെ എം.ബി.എഫ്.എച്ച്.ഐ അംഗീകാരം നേടി.
- **ആരോഗ്യ മന്ദൻ 3.0 (കാസ്പ്) 2021** 01.10.2020 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് കാസ്പ് പദ്ധതി വഴി സൗജന്യ ചികിത്സ (43352 പേർക്ക്) കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിന്നും ലഭ്യമാക്കി.
- **ആരോഗ്യ മന്ദൻ 4.0 (കാസ്പ്) 2022** കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ മുഖാന്തിരം കാസ്പ് പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ

| | | | |
|---|---|---|---|
| | | | ചികിത്സ നൽകിയതിന് കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം ലഭിച്ചു.<br><br>**സർക്കാർ മെഡിക്കൽ കോളേജ് മഞ്ചേരി**<br><br>• മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 2023 - 24 കാലയളവിൽ മദർ & ബേബി ഫ്രണ്ട്ലി അംഗീകാരം (MBFHI) ലഭിച്ചിട്ടുണ്ട്.<br>• 2025 ൽ ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>**സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്**<br><br>• കോഴിക്കോട് മെഡിക്കൽ കോളേജിന് ദേശീയ തലത്തിൽ ലക്ഷ്യ അംഗീകാരം ലഭിച്ചു.<br>• മദർ & ബേബി ഫ്രണ്ട്ലി അംഗീകാരം (MBFHI) ലഭിച്ചിട്ടുണ്ട്.<br>• കുട്ടികളുടെ ചികിത്സാ സൗകര്യങ്ങളുടെ ഗുണനിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയത് മൂലം സംസ്ഥാന തലത്തിലും ദേശീയ തലത്തിലും മുസ്കാൻ അംഗീകാരം ലഭിച്ചു.<br><br>**സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**<br><br>• വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് 2023 വർഷത്തിൽ LAQSHYA പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2024 -ൽ MUSQAN പുരസ്കാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ